ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സ്വകാര്യമേഖലയിൽ അനുവദിച്ച സ്ഥാപനങ്ങൾ:

ആയുർവേദ മെഡിക്കൽ കോളേജ്	-	8
സിദ്ധ മെഡിക്കൽ കോളേജ്	-	1
		9 എണ്ണം

ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം സ്വകാര്യമേഖലയിൽ അനുവദിച്ച കോഴ്സ്:

നഴ്സ്-കം-ഫാർമസി കോഴ്സ് - 1 സ്ഥാപനം

(ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ആരോഗ്യവകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

249 [3224] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II -നെ നിയമിക്കുന്നതിൽ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ്; ഇതു സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുകളുടെയും സ്പെഷ്യൽ റൂൾസിന്റെയും കോപ്പികൾ ലഭ്യമാക്കാമോ:

(ബി) നിലവിലുള്ള സർക്കാർ ഉത്തരവുകളും സ്പെഷ്യൽ റൂളുകളും പ്രകാരം ആരോഗ്യവകുപ്പിലെ ഏതെല്ലാം ഗ്രേഡിലുള്ള ജീവനക്കാർക്കാണ് തസ്തികമാറ്റംവഴി ജെ. എച്ച്. ഐ. ഗ്രേഡ്- II ലേക്ക് മാറാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഉത്തരവുകളിലോ സ്പെഷ്യൽ റൂൾസിലോ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് രീതിയിലുള്ള മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള ഉത്തരവിൽ മാറ്റം വരുത്താൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ; ഇതുമൂലം സർക്കാരിന് സാമ്പത്തികമായി നേട്ടമുണ്ടോ;

(ഇ) ഇപ്പോൾ ആരോഗ്യവകുപ്പിലുള്ള എത്ര ജീവനക്കാർക്കാണ് ഡി. എച്ച്. എസ്., ജെ. എച്ച്. ഐ. കോഴ്സിന് പ്രൈവറ്റായി പഠിക്കുവാൻ എൻ.ഒ.സി. നൽകിയിട്ടുള്ളത്;

(എഫ്) എൻ.ഒ.സി. നൽകി പഠിക്കുവാൻ അയച്ച ജീവനക്കാരെ നിലവിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്ന ഉത്തരവിന്റെ പരിധിയിൽനിന്ന് ഒഴിവാക്കാൻ തയ്യാറാകുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ സ്പെഷ്യൽ റൂൾസ് നിലവിലില്ല. ഫാമിലി പ്ലാനിംഗ് ഹെൽത്ത് അസിസ്റ്റന്റുമാരുടെ പ്രമോഷൻവഴിയും അവരുടെ അഭാവത്തിൽ നേരിട്ടുള്ള റിക്രൂട്ട്മെന്റ് മുഖേനയും ഇപ്പോൾ നിയമനം നടത്തുന്നു. അവർ ഇപ്പോൾ ജൂനിയർ എച്ച്. ഐ. ഗ്രേഡ്- I എന്നറിയപ്പെടുന്നു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(ബി) ആരോഗ്യവകുപ്പിൽ ജോലിചെയ്യുന്ന നിശ്ചിത പൊതുവിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുമുള്ള എല്ലാജീവനക്കാർക്കും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II ആയി തസ്തികമാറ്റം മുഖേന നിയമനം നൽകാവുന്നതാണ്.

(സി) സ്പെഷ്യൽ റൂൾ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. അടിസ്ഥാനവിദ്യാഭ്യാസയോഗ്യതയിൽ മാറ്റം വരുത്തുവാനും തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിൽ, ഇതര വകുപ്പുകളിൽ നിലവിലുള്ള കാറ്റ അനുവദിക്കുവാനും ഉദ്ദേശിക്കുന്നു.

(ഡി) സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ ജീവനക്കാരുടെ സേവന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ധാരാളം കേസുകൾ ഫയൽ ചെയ്യപ്പെടുകയും അങ്ങനെ വ്യക്തിപരമായി നേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. തന്മൂലം സീനിയോറിട്ടിയിലും പ്രമോഷനിലും സങ്കീർണ്ണമായ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതോടെ നിലവിലുള്ള അനാവശ്യ തർക്കങ്ങൾ ഒഴിവാക്കി സേവനമേഖലയിലെ നടപടിക്രമങ്ങൾ ലഘുവും കൂടുതൽ സുതാര്യവുമാക്കാവുന്നതാണ്. അതുവഴി പരിഹരിക്കപ്പെടാതെ കിടക്കുന്ന അനേകം സേവന തർക്കങ്ങളിൽ തീരുമാനം കൈക്കൊള്ളുവാൻ കഴിയും.

മേൽപ്പറഞ്ഞ കോടതി കേസുകൾ സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുന്നു.

(ഇ) 71 ജീവനക്കാർക്ക്.

(എഫ്) സ്പെഷ്യൽസ് റൂൾസ് നിലവിൽ വരുന്നതിന് ശേഷമുള്ള നിയമനങ്ങൾ പ്രസ്തുത റൂളിന് വിധേയമായിട്ടായിരിക്കും നടത്തുന്നത്.

കെ. എച്ച്. ആർ. ഡബ്ല്യു. സൊസൈറ്റിയുടെ സി. റ്റി. സ്കാനർ

250 [3225] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എച്ച്. ആർ. ഡബ്ല്യു. സൊസൈറ്റി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഹോൾബോഡി സി. റ്റി. സ്കാനർ സ്ഥാപിച്ചതെന്നാണെന്ന് വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly